Talented Bankers Literary Panel
പുസ്തക പരിചയം 216

പരിചയപ്പെടുത്തുന്നത്,
സുരേഷ് നാരായണൻ,
ധനലക്ഷ്മി ബാങ്ക്
കഞ്ഞിക്കുഴി (ആലപ്പുഴ) ശാഖ.

ഹവ്വാ മുലപ്പാൽ കുടിക്കുന്നു,
വിജി തമ്പി

ഒരിക്കൽ ഗബ്രിയേൽ മാലാഖയുടെ ഒരു കുഞ്ഞിത്തൂവൽ ഒരാൾ മോഷ്ടിച്ചു . എന്നിട്ട് ഒന്നുമറിയാത്തപോലെ വീട്ടിലെത്തി. തലയിണക്കീഴിൽ തൊണ്ടിമുതൽ ഒളിപ്പിച്ചുവച്ചിട്ടു കിടന്നുറക്കമായി.

നേരം പുലർന്നപ്പോൾ , അത്ഭുതം !
ആ തൂവലൊരു പുസ്തകമായ് മാറിയിരുന്നു.

അതാണ് " ഹവ്വാ മുലപ്പാൽ കുടിക്കുന്നു".
വി ജി തമ്പിയാണ് ആ മോഷ്ടാവ് !

പതിനാറു പൂട്ടുകളുള്ള ഒറ്റത്താക്കോലു കൊണ്ടദ്ദേഹം സ്ത്രൈണ ആത്മീയതയുടെ രഹസ്യമാന്ത്രികയറ തുറക്കുന്നു.

വീഞ്ഞിൽ മുക്കിയ തൂലികയാലെഴുതിയ വരികൾ വിവസ്ത്രരായി നമ്മെയും കാത്തുകിടക്കുന്നു!

"പാൽ വിളയുന്ന നിന്റെ ഉടൽനിലം
വീണ്ടുമൊരു മരണവാർഡായ്
ദാഹാർത്തമാം ചോരത്തടാകമായ്
ഉടലിലായിരമായിരമായ് ദഹിക്കുന്നു "

സ്ത്രൈണതയുടെ ആ ആദികവി പഴയ നിയമത്തിൽ നിന്നു ഫലങ്ങൾ പറിച്ചുതിന്നുന്നു!

" ഈ മുറിവിലും മരണത്തിലുമാകാം
ചോരച്ചാലിൽ നിന്നാകാം
പെണ്ണിന്റെ പൂപ്പിറവികൾ "

എന്നൊരാമ്പൽ വിരിയിച്ചെടുക്കുന്നു.

പെണ്ണാശകളുടെ സെമിത്തേരിക്കു കീഴേ രഹസ്യമായൊഴുകുന്ന അദ്ദേഹത്തിന്റെ നദി . അതു ചോദിക്കുന്നു :

“സ്ത്രീയേ ,
എത്ര മുറിയണം മരിക്കണം, ഞെരിഞ്ഞിൽമെത്തയിൽ കിടക്കണം

ഒരു സ്ത്രീജന്മം പൂർത്തിയാകുവാൻ ?”
ഹവ്വയെ പ്രലോഭിപ്പിച്ച പഴം കൈകളിലേന്തി നില്ക്കുന്നത് സാക്ഷാൽ കവിതന്നെ !

“ ബന്ധമുക്തയായ ഉദ്യാനകന്യക
പഴം പിളർന്നു ഗർഭത്തിലതേറ്റുവാങ്ങി;

യഹോവയുടെ ഇടിമിന്നലിൽ
കത്തിയാളി അവളുടെ നഗ്നചർമ്മം .”

ആറുഭാഗങ്ങളായ് തിരിച്ചിരിക്കുന്ന
ഈ ദീർഘകാവ്യത്തിലൂടെ
ഭാഷയെ ജ്ഞാനസ്നാനം ചെയ്യിക്കുന്നു കവി !

തുടർന്ന്, ബുദ്ധമിന്നൽ ,ആത്മരക്ഷ ,വാഴ്‌വമായം എന്നിങ്ങനെ കവിതയുടെ കാൽവരികൾ ഒന്നൊന്നായ് മുമ്പിൽ തെളിയുന്നു . ആനന്ദനെ കാണുന്നു. മരണത്തിന്റെ മഴ നനയുന്നു, ശവച്ചിപ്പികളിൽ നിന്നു പൊള്ളലേൽക്കുന്നു .

"ദൈവം എന്നെ നോക്കി
ഞാൻ അന്ധനായി “

എന്നുപാടുന്ന കവിയെ പുറകിലൂടെ കെട്ടിപ്പിടിക്കാതെന്തു ചെയ്യും !

കവിതകളിലൂടെ അദ്ദേഹം നമ്മുടെ കൈമുത്തുകയാണ് .

ഭൂതാവിഷ്ടരായവരെ ,
'മത്സ്യങ്ങളെല്ലാം പതുങ്ങുന്നു വിഷാദരോഗികളെപ്പോലെ..
കുളം ഇന്നു നികത്തപ്പെട്ട ജലശ്മശാനം.

പുതുമണ്ണിൽ പുതപ്പിച്ചു കിടത്തിയ
ഓർമ്മത്തെറ്റുകളുടെ പാമ്പിൻ പടം'

എന്ന വരികൾ മീട്ടി പ്രണയാവിഷ്ടരാക്കുന്നു!

അപൂർണ്ണമായൊരു കണ്ണകീവേഷത്തിനൊടുവിൽ

കഥാവശേഷയായ്ത്തീർന്നവൾക്കുള്ള അർച്ചനയാണ് “സ്മിത : ഒരു നദിയുടെ പേര്”

'നീയറിയാതെ നിന്റെ അഭ്രശരീരം
അന്ധഗന്ധർവന്മാർ എടുത്തുകൊണ്ടു പോകുന്നു'

എന്നു കൈപ്പൊളിക്കുന്നു ഇതെഴുതപ്പെട്ട പേജുകൾ !

'മുറിവുകളാൽ മൂടിയ രക്തകന്യക'
രാത്രികളുടെ മായാനാവിക !
'നൃത്തത്തിനു നേരമായി
തിരശ്ശീല പിളരാൻ നേരമായി"

എന്നു കവിത അവസാനിക്കുന്നതോടൊപ്പം
വായനക്കാരന്റെ ആത്മാവും പിളർന്നു പോകുന്നുവല്ലോ കവേ !

നീലായനം:
നീലച്ഛവി പടർന്ന ഇടങ്ങൾ എമ്പാടുമുണ്ട് കവിതാപ്പറുദീസയിൽ .
അതൊരു പ്രത്യേക പിപാസയായ്
കാവ്യമഷിയിൽ കലർന്നിരിക്കുന്നു.

'കൊടുങ്കാറ്റിനെ പുറത്തു നിർത്തി
എത്രനാൾ തിരയടിത്തട്ടിൽ കിടന്നുറങ്ങും ?'
കാട്ടിക്കാടച്ചനെപ്പോലെയുള്ളവരെ

ആഴത്തിൽ സ്പർശിച്ച ഈ വാരിധിയുടെ പതഞ്ഞൊഴുകലിനെ,

'ഹാ ജീവനേ ,
പച്ചയെ കൂടുതൽ പച്ചയാക്കുക
ഉൾക്കളങ്ങളെ മധുമാസമാക്കുക "

എന്നു വായിക്കുമ്പോൾ , ധമനികൾ ഓടക്കുഴലുകളായ് ഉരുവം
കൊള്ളുന്നത്

അനുഭവിച്ചറിയാം !
വേപഥുക്കളെ മറക്കാം ,

വേദനകളെ പൂക്കാനനുവദിക്കാം !
" നഗര ദേവാലയത്തിൽ
തലകീഴായി തൂങ്ങുവാൻ
എനിക്കൊരു കുരിശുണ്ട് .

അമ്പുകളുടെ കഴുമരത്തിൽ
ഒരു രക്തശിൽപ്പമാകുവാൻ വരമുണ്ട് "
എന്നു ചിറകുള്ള ഊഞ്ഞാലിൽ പറക്കാം !

അതേ ,
ഓരോ പേജും ഓരോ കവിതാവീഞ്ഞറകൾ ! പാനം ചെയ്ത്

ധ്യാനം ചെയ്ത്
പാപമുക്തി നേടൂ !

പ്രണത ബുക്സ്
50 രൂപ